**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *404 15.05.2017 - ലെ മറുപടിയ്ക്ക്

## ഗൃഹശ്രീ ഭവനനിർമ്മാണ പദ്ധതി

ചോദ്യം

ശ്രീ. കെ. ആൻസലൻ
ശ്രീ. സി.കെ. ശശീന്ദ്രൻ
ശ്രീ. കാരാട്ട് റസാഖ്
ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭവന നിർമ്മാണത്തിനായി 'ഗൃഹശ്രീ' ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും അവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ; | (ബി) | 26/08/2013-ലെ സ.ഉ.(എം.എസ്) 21/2013/ഭവനം നമ്പർ ഉത്തരവ് പ്രകാരം ഗൃഹശ്രീ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ. എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോട് കൂടി വീട് വച്ച് നൽകുന്ന ഗൃഹശ്രീ പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സന്നദ്ധ സംഘടനകൾ, കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ സ്പോൺസർഷിപ്പ് തുക ഒടുക്കി ശുപാർശ ചെയ്തിട്ടുള്ള വ്യക്തികളാണ് ടി പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾ. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് ; | (സി) | കാരുണ്യവാന്മാരായ വ്യക്തികൾ, സന്നദ്ധസംഘടനകൾ എന്നിവർ സ്പോൺസർ വിഹിതമായി 1,00,000/- രൂപയും ഗുണഭോക്തൃവിഹിതമായി 1,00,000/- രൂപയും ബോർഡിൽ അടയ്ക്കുമ്പോൾ സർക്കാർ സബ്സിഡി വിഹിതമായ 2,00,000/- രൂപയും ചേർത്ത് 4,00,000/- രൂപ 4 ഗഡുക്കളായി വീടിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങളിലായി നൽകുന്നു. |
| (ഡി) | പദ്ധതി പ്രകാരം നടപ്പുവർഷം എത്ര വീടുകൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നതെന്നും ഇതിനായി സന്നദ്ധ സംഘടനകളുടെ സഹായം ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം 21.76 കോടി രൂപ സർക്കാർ സബ്സിഡി ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗപ്പെടുത്തി 1088 വീടുകൾക്ക് അനുമതി നൽകാൻ കഴിയും. |

Sabha

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഗൃഹശ്രീ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

ഗൃഹശ്രീ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ, സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര രേഖയ്ക്ക് താഴെ (ബി.പി.എൽ) ഗുണഭോക്താക്കൾ അർഹരാണ്. കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാർക്കും (LIG) അർഹതയുണ്ട്. കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലുതവണകളായി ഗഡുക്കൾ ലഭിക്കുന്നതിനായി ബോർഡ് നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

(1) ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
(2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും)
(3) വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസറിൽ നിന്നും.)
(4) വസ്തുവിന്റെ പ്രമാണം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
(5) റേഷൻകാർഡിന്റെ പകർപ്പ് ( സ്വയം സാക്ഷ്യപ്പെടുത്തിയത്)
(6) 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്
(7) ഭവന രഹിതമാണെന്നതിന് വില്ലേജ് ഓഫീസറിൽ/പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
(8) ഭവന നിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
(9) പോക്കു വരവ് ചെയ്ത ശേഷം കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും.
(10) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും, വ്യക്തമാക്കുന്ന പേജിന്റെ ഫോട്ടോ കോപ്പി.
(11) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST) വിഭാഗത്തിന് മാത്രം.

പദ്ധതിയ്ക്കായി ഓരോ വർഷവും ബഡ്ജറ്റിലൂടെ അനുവദിക്കുന്ന ധനസഹായത്തിന്റെ (സബ്സിഡി) യുടെ തോതനുസരിച്ചായിരിക്കും ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നത്.